## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 208**      **07/02/2019-ൽ മറുപടിയ്ക്ക്**

### കേരള ബാങ്ക് രൂപീകരണത്തോടനുബന്ധിച്ച പുനർവിന്യാസം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.വി.പി.സജീന്ദ്രൻ<br>,, റോജി എം. ജോൺ<br>,, കെ.മുരളീധരൻ<br>,, കെ.എസ്.ശബരീനാഥൻ** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | കേരള ബാങ്ക് രൂപീകരണത്തോടനുബന്ധിച്ച് ജീവനക്കാരെ പുനർവിന്യസിക്കുന്നതിനായി വകുപ്പ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ അത് പ്രകാരം ഏതൊക്കെ തസ്തികകളാണ് കേരള ബാങ്കിന് ആവശ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും | ജില്ലാ സഹകരണ ബാങ്കുകൾ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിക്കുമ്പോൾ ജീവനക്കാരുടെ തസ്തിക ഏകീകരണം, സീനിയോറിറ്റി, പ്രൊമോഷൻ, സ്ഥലംമാറ്റം എന്നിവ ഉൾപ്പെടുത്തി ഒരു സമഗ്രമായ പദ്ധതി സർക്കാർ തയ്യാറാക്കുന്നതാണ്. |
| (ബി) | നിലവിലുള്ള ജീവനക്കാരിലെ നിശ്ചിത ശതമാനത്തിന് സ്ഥാനക്കയറ്റം നൽകുമ്പോൾ സംസ്ഥാന സഹകരണ ബാങ്കിലെ മുഴുവൻ ജീവനക്കാരെയും അതിൽ ഉൾപ്പെടുത്തുമെന്നും ശേഷിക്കുന്ന തസ്തികകൾ മാത്രമേ പതിനാല് ജില്ലാ ബാങ്കുകൾക്കും കൂടി ലഭിക്കുവെന്നതും വസ്തുതയാണോ; വിശദമാക്കാമോ; | | |
| (സി) | ഇക്കാര്യത്തിൽ ജില്ലാബാങ്ക് ജീവനക്കാരുടെ ആശങ്ക ദൂരീകരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | കേരള ബാങ്ക് യാഥാർത്ഥ്യമാകുന്നത് വഴി ജില്ലാ സഹകരണ ബാങ്ക് ജീവനക്കാർക്ക് സ്ഥാനക്കയറ്റം സംബന്ധിച്ച ആശങ്കകൾ മേൽ പദ്ധതി നിലവിൽ വരുന്നതോടെ ദൂരീകരിക്കപ്പെട്ടുമെന്നാണ് കരുതുന്നത്. ജില്ലാ |

| | | |
|---|---|---|
| | | സംസ്ഥാന സഹകരണ ബാങ്ക് ജീവനക്കാരുടെ സംഘടനകളുടെ സംയുക്തയോഗം സഹകരണ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേരുകയും കേഡർ സംയോജനം സംബന്ധിച്ച് ചർച്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ അവരുടെ കൂടെ അഭിപ്രായം രേഖാമൂലം ആവശ്യപ്പെട്ടുകയും അന്തിമ തീരുമാനം കൈക്കൊള്ളുന്നതിന് മുൻപ് അവരുടെ വസ്തുതാപരമായ അഭിപ്രായങ്ങൾ പരിഗണിക്കുകയും ചെയ്യുന്നതാണ്. മാത്രമല്ല, ജില്ലാ സംസ്ഥാന സഹകരണ ബാങ്ക് ജീവനക്കാരെ മേഖലാ അടിസ്ഥാനത്തിൽ വിളിച്ച് ചേർത്ത് അവരുടെ ആശങ്കകളും/സംശയങ്ങളും ദൂരീകരിക്കുന്ന കാര്യവും ആലോചിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**